## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 64 | 30/11/2015 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുകയുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | അനുവദിച്ച തുക യഥാസമയം ജനങ്ങൾക്ക് ലഭിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്, ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | (ബി) | ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ